ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:29-10-2024**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും ആയുഷ്മാൻ ഭാരതിന് കീഴിൽ ആരോഗ്യ പരിരക്ഷ ഉറപ്പാക്കി കേന്ദ്രസർക്കാർ. രാജ്യത്തിൻറെ പുരോഗതിയ്ക്ക് ജനങ്ങളുടെ ആരോഗ്യം സുപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കേന്ദ്രസർക്കാർ ജോലികളിൽ പ്രവേശനം നേടിയ 51,000 യുവജനങ്ങൾക്ക് റോസ്ഗാർ മേളയുടെ ഭാഗമായി പ്രധാനമന്ത്രി ഇന്ന് നിയമന ഉത്തരവുകൾ കൈമാറി.

3. സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പുകളിൽ നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

4. എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് പി.പി ദിവ്യയെ പോലീസ് അറസ്റ്റ് ചെയ്തു.

5. കാസർഗോഡ് വെടിക്കെട്ട് അപകടത്തിൽ ക്ഷേത്ര ഭാരവാഹികൾക്കെതിരെ പൊലീസ് കേസെടുത്തു. പരിക്കേറ്റ 8 പേരുടെ നില ഗുരുതരം.

6. പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഏഴാമത് സംസ്ഥാന തല കായിക മേളയിൽ രണ്ടാം ദിനവും മുന്നേറ്റം തുടർന്ന് വയനാട് ജില്ല.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## പ്രധാനമന്ത്രി - ആരോഗ്യ പദ്ധതി

രാജ്യത്തിൻറെ പുരോഗതിയ്ക്ക് ജനങ്ങളുടെ ആരോഗ്യം വളരെ പ്രധാനമാണെന്നും, ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിൻറെ പ്രഥമ പരിഗണനയാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. 12,850 കോടി രൂപയുടെ ആരോഗ്യ പദ്ധതികൾക്ക് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർണായക പ്രഖ്യാപനവും ശ്രീ മോദി ചടങ്ങിൽ നിർവഹിച്ചു. അഞ്ച് ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് വരുമാനഭേദമന്യേ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും ആയുഷ്മാൻ വയ വന്ദന കാർഡുകളിലൂടെ ഉറപ്പു വരുത്തുന്നത്. ഒൻപതാമത് ആയുർവേദ ദിനാചരണത്തിൻറെയും, ധന്വന്തരി ജയന്തിയുടെയും ഭാഗമായി നടന്ന ചടങ്ങിൽ, ആയുഷ് മേഖലയിലെ രാജ്യത്തിൻറെ പുരോഗതി സമ്പദ് വ്യവസ്ഥയിലും ഗുണപരമായ മാറ്റങ്ങൾ വരുത്തിയതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. (BYTE....PM)

RNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## തൊഴിൽ മേള

കേന്ദ്രസർക്കാർ ജോലികളിൽ പ്രവേശനം നേടിയ 51,000 യുവജനങ്ങൾക്ക് റോസ്ഗാർ മേളയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവുകൾ വിതരണം ചെയ്തു. രാജ്യത്തെ യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് ഇന്ന് റോസ്ഗാർ മേള നടന്നത്.

തിരുവനന്തപുരത്ത് നടന്ന മേളയിൽ കേന്ദ്രമന്ത്രി ചിരാഗ് പാസ്വാനും, കൊച്ചിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും പങ്കെടുത്തു. രാജ്യത്ത് തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗാർ മേളകളുടെ പങ്ക് വളരെ വലുതാണെന്ന് നിയമന ഉത്തരവുകൾ കൈമാറിക്കൊണ്ട് ശ്രീ ചിരാഗ് പാസ്വാൻ പറഞ്ഞു. സമൂഹത്തെ മികച്ച രീതിയിൽ സേവിക്കാനുള്ള അവസരമായി ഇതിനെ കരുതണമെന്ന് പുതുതായി നിയമനം ലഭിച്ചവരോട് ശ്രീ സുരേഷ്ഗോപി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

തിരഞ്ഞെടുപ്പ്

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. ഇന്നലെ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലുമായി 35 പത്രികകളാണ് സ്വീകരിച്ചത്. മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്.

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

പി പി ദിവ്യ കസ്റ്റഡിയിൽ

എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് പി.പി ദിവ്യയെ പോലീസ് അറസ്റ്റ് ചെയ്തു. വൈദ്യ പരിശോധനയ്ക്കായി ഇവരെ അൽപസമയം മുൻപ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ചു. മജിസ്ട്രേട്ടിന് മുന്നിൽ വൈകാതെ ഹാജരാക്കുമെന്നാണ് ലഭിക്കുന്ന വിവരം. പി.പി ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷ തലശ്ശേരി ജില്ലാ സെഷൻസ് കോടതി

തള്ളിയതിനു പിന്നാലെയാണ് പോലീസ് ഇവരെ കണ്ണപുരത്തു നിന്നും കസ്റ്റഡിയിലെടുത്തത്.

&&&&&&&&&&&&&&&&&&&

<u>പി പി ദിവ്യ- വി ഡി സതീശൻ ,കെ.സുരേന്ദ്രൻ, മഞ്ജുഷ</u>

പി.പി ദിവ്യയുടെ അറസ്റ്റ് ആശ്വാസമുള്ള വാർത്തയാണെന്നും പോലീസ് അന്വേഷണം കാര്യക്ഷമമായി മുന്നോട്ട് പോകണമെന്ന് ആഗ്രഹിക്കുന്നതായും അന്തരിച്ച കണ്ണൂർ എ. ഡി.എം നവീൻ ബാബുവിൻ്റെ ഭാര്യ മഞ്ജുഷ. അതേസമയം പി പി ദിവ്യയുടെ അറസ്റ്റ് വൈകിയതിൽ സംസ്ഥാന സർക്കാരിനും പോലീസിനുമെതിരെ വിമർശനവുമായി പ്രതിപക്ഷ പാർട്ടികൾ രംഗത്തുവന്നു. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലം ഒന്നുകൊണ്ട് മാത്രമാണ് അറസ്റ്റുണ്ടായതെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ ആരോപിച്ചു. പിപി ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളിയതിൽ നിന്നും പൊലീസ് അനാസ്ഥ വ്യക്തമായതായി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു..

&&&&&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി</u>

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്താൻ ജനപങ്കാളിത്തതോടെ പദ്ധതികൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ഓരോ സ്കൂളിന്റെയും നില മെച്ചപ്പെടുത്തുന്നതിന് സ്കൂൾതലത്തിൽ ആസൂത്രണം നടത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 5</u>

<u>കാസർഗോഡ് വെടിക്കെട്ട് അപകടം (ഇൻട്രോ)</u>

കാസർഗോഡ് നീലേശ്വരത്ത് കളിയാട്ടത്തിനിടെയുണ്ടായ വെടിക്കെട്ട് അപകടത്തിൽ ക്ഷേത്രം ഭാരവാഹികൾക്കെതിരെ പൊലീസ് കേസെടുത്തു. ഇന്നലെ അർദ്ധരാത്രിയുണ്ടായ

RNU TVPM

അപകടത്തിൽ 150 ലേറെപ്പേർക്കാണ് പരിക്കേറ്റത്. ഇതിൽ എട്ട് പേരുടെ നില ഗുരുതരമാണ്.
കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ........... (വോയിസ്)

&&&&&&&&&&&&&&&&&&

## കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2025 ൻ്റെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 2025 ജനുവരി ഒന്ന് യോഗ്യതാ തീയതിയായുള്ള പട്ടികയാണ് പ്രസിദ്ധീകരിച്ചത്. ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള 9 നിയമസഭാ നിയോജക മണ്ഡലങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

&&&&&&&&&&&&&&&&&&

## കന്നുകാലി ഇൻഷുറൻസ് പദ്ധതി

PNUTVPM

സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പാക്കും. മൃഗസംരക്ഷണ വകുപ്പുമായും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ധാരണാപത്രം നാളെ ഒപ്പിടും. .ആദ്യഘട്ടത്തിൽ അമ്പതിനായിരം കന്നുകാലികൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## ശബരിമല

ചിത്തിര ആട്ട തിരുനാളിനായി ശബരിമല ക്ഷേത്ര നട നാളെ വൈകുന്നേരം അഞ്ചിന് തുറക്കും. മറ്റന്നാളാണ് ചിത്തിര ആട്ടവിശേഷം. നാളെ പ്രത്യേക പൂജകൾ ഉണ്ടായിരിക്കില്ല. ചിത്തിര ആട്ട പൂജകൾ പൂർത്തിയാക്കി 31- ന് രാത്രി 10-മണിക്ക് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 6

**കളിക്കളം**

പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഏഴാമത് സംസ്ഥാന തല കായിക മേള കളിക്കളം 2024 ൽ വയനാട് ജില്ല രണ്ടാം ദിനവും മുന്നേറ്റം തുടരുന്നു. തിരുവനന്തപുരം, കണ്ണൂർ ജില്ലകളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. നാൽപതിലധികം ഇനങ്ങളിലാണ് വിദ്യാർത്ഥികൾ ഇന്ന് മാറ്റുരച്ചത്. മേളയുടെ സമാപന സമ്മേളനം കാര്യവട്ടം എൽ എൻ സി പി ഇ ഗ്രൗണ്ടിൽ നാളെ നടക്കും.

&&&&&&&&&&&&&&&&&&

**ട്രഷറി മസ്റ്ററിങ്**

സംസ്ഥാന ട്രഷറികൾ മുഖേനയും, ട്രഷറികളിൽ നിന്നും വിവിധ ബാങ്കുകൾ മുഖേനയും പെൻഷൻ വാങ്ങുന്ന, 2024 വർഷത്തിൽ മസ്റ്ററിങ് നടത്താത്ത പെൻഷൻകാർ, നവംബർ 30ന് മുമ്പായി അടുത്തുള്ള ട്രഷറിയിൽ വാർഷിക മസ്റ്ററിങ് നടത്തണമെന്ന് നിർദ്ദേശം. എന്നാൽ മാത്രമേ തുടർ പെൻഷൻ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കൂ എന്ന് നിർദ്ദേശത്തിൽ പറയുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**മന്ത്രി വീണാ ജോർജ്**

സംസ്ഥാനത്ത് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ 12 മെഡിക്കൽ പിജി സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പീഡിയാട്രിക് നെഫ്രോളജി ,പൾമണറി മെഡിസിൻ, അനസ്തേഷ്യ, സൈക്യാട്രിഎന്നീ വിഭാഗങ്ങളിലായി തിരുവനന്തപുരം ആലപ്പുഴ മെഡിക്കൽ കോളേജുകളിലാണ് കൂടുതൽ പിജി സീറ്റുകൾ നിലവിൽ വരിക .

&&&&&&&&&&&&&&&&&&

**മിൽമ**

ദീപാവലിക്ക് പാലിൻറെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കാൻ സംസ്ഥാനത്തുടനീളം വിപുലമായ ക്രമീകരണങ്ങൾ ഒരുക്കി മിൽമ. മിൽമ പുറത്തിറക്കിയ

മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നതായും മിൽമ ചെയർമാൻ കെ.എസ് മണി അറിയിച്ചു.

&&&&&&&&&&&&&&&&&&

ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് 233 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 49.5 ഓവറിൽ 232 റൺസാണ് നേടിയത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 16.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 69 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ ഓരോ മത്സരങ്ങൾ വിജയിച്ച് ഇരു ടീമുകളും സമനിലയിലാണുള്ളത്.

&&&&&&&&&&&&&&&&&&

പെയിന്റ് - ഉപഭോക്തൃ കമ്മിഷൻ

ഗുണനിലവാരമില്ലാത്ത പെയിൻറ് നൽകിയതായ പരാതിയിൽ പെയിൻറിന് ചെലവായ രൂപയും ,അതുമാറ്റി പുതിയ പെയിൻറ് അടിക്കുന്നതിന്റെ ചെലവായ തുകയും ഉൾപ്പെടെ 70,000 രൂപ ഉപഭോക്താവിന് നഷ്ടപരിഹാരമായി നൽകാൻ എറണാകുളം ജില്ലാ തർക്ക പരിഹാര കമ്മീഷൻ ഉത്തരവ്. കോതമംഗലം സ്വദേശി സമർപ്പിച്ച പരാതിയിലാണ് കമ്പനിക്കും, ഡീലർക്കുമെതിരെ കമ്മീഷൻ ഉത്തരവിട്ടത്.

&&&&&&&&&&&&&&&&&&

മന്ത്രി ഒ ആർ കേളു

പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ സബ് ഓഫീസുകളിലും 2025 മാർച്ച് 31ന് മുമ്പായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമായി. മന്ത്രി ഒ ആർ കേളുവിന്റെ സാന്നിധ്യത്തിൽ നടന്ന പദ്ധതി അവലോകന യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNUTVPM